**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെൽ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.26/2025/F&WLD** **തീയതി,തിരുവനന്തപുരം, 22-01-2025**

---

പരാമർശം:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) - ന്റെ 19.09.2024 - ലെ KFDHQ/4430/2024-VIG/VE10 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി മേഖലയിലെ കുറ്റകൃത്യങ്ങൾ ഫലപ്രദമായി ഇല്ലായ്മ ചെയ്യുന്നതിനും ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി ഓരോ വനം സർക്കിളിലും രഹസ്യ വിവര ശേഖരണത്തിനായി ഒരു ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെൽ രൂപീകരിക്കുന്നതിനായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ, രഹസ്യ വിവര ശേഖരണത്തിനായി, സതേൺ, ഹൈറേഞ്ച്, സെൻട്രൽ, ഈസ്റ്റേൺ, നോർത്തേൺ എന്നീ അഞ്ചു വനം സർക്കിളുകളിലും ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി രൂപീകരിച്ച് ഉത്തരവാകുന്നു.

(1). ഓരോ സർക്കിൾ തല ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിലും അഞ്ചുവീതം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ രഹസ്യ വിവര ശേഖരണത്തിനായി നിയോഗിക്കാവുന്നതാണ്.

(2). ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിലേക്ക് ജീവനക്കാരെ പ്രത്യേകമായി നിയമിക്കുകയോ അല്ലെങ്കിൽ പുനർ വിന്യാസം, അന്യത്ര സേവനം എന്നിവ വഴിയോ നിയമിക്കരുത്. രഹസ്യവിവര ശേഖരണത്തിൽ കഴിവും അഭിരുചിയുമുള്ള ജീവനക്കാരെ അവരവരുടെ ഓഫീസുകളിൽ നിലനിർത്തിക്കൊണ്ട് രഹസ്യവിവര ശേഖരണത്തിനായി നിയോഗിക്കേണ്ടതാണ്.

(3). ബന്ധപ്പെട്ട സർക്കിൾ തലവനാണ് ജീവനക്കാരെ ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിലേക്ക് നിയോഗിച്ച് ഉത്തരവ് ഇറക്കേണ്ടത്.

(4). ഇപ്രകാരം നിയോഗിക്കപ്പെടുന്ന ജീവനക്കാർ അവർ ഏതു ഓഫീസിൽ ആണോ നിലവിൽ ജോലി ചെയ്യുന്നത് അതേ ഓഫീസിൽ തുടർന്നുകൊണ്ട് രഹസ്യ വിവര ശേഖരണം നടത്തേണ്ടതാണ്.

(5). ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിലെ ജീവനക്കാരന്റെ സ്ഥലം മാറ്റം അയാളുടെ ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിലെ പ്രവർത്തനങ്ങളെ ബാധിക്കില്ല.

(6). ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിൽ നിയോഗിക്കപ്പെട്ട ജീവനക്കാരന്റെ രഹസ്യ വിവര ശേഖരണവുമായി ബന്ധപ്പെട്ട ജോലികളുടെ നിർദ്ദേശവും നിയന്ത്രണവും ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ നിന്നായിരിക്കും.

(7). ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിലെ ജീവനക്കാർ ശേഖരിക്കുന്ന രഹസ്യ വിവരങ്ങൾ യഥാസമയം ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, ടി വിവരം മറ്റേതെങ്കിലും ഉദ്യോഗസ്ഥനുമായി പങ്കുവയ്ക്കാൻ പാടില്ലാത്തതാണ്.

(8). സർക്കിൾ തല ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെൽവഴി ശേഖരിച്ച രഹസ്യ വിവരങ്ങൾ ഫോറസ്റ്റ് ഇന്റലിജൻസ് സെൽ നിശ്ചിത ഇടവേളകളിൽ ബന്ധപ്പെട്ട സർക്കിൾ മേധാവിക്ക് കൈമാറേണ്ടതാണ്.

(9). ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെൽ ജീവനക്കാരന്റെ ഡ്യൂട്ടി, അവധി എന്നിവ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ പരിധിയിൽ ആയിരിക്കും.

(10). ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിൽ നിയോഗിക്കപ്പെട്ട ജീവനക്കാരൻ തൃപ്തികരമായി ജോലി ചെയ്യുന്നുണ്ടോ എന്ന വിവരം ടിയാൻ സമർപ്പിക്കുന്ന രഹസ്യ വിവരങ്ങളുടെ എണ്ണം, വൈവിധ്യം, ഗുണനിലവാരം, കൃത്യത എന്നിവയിലൂടെ ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ പരിശോധിക്കപ്പെടേണ്ടതും, നിഷ്കർഷിത നിലവാരം പുലർത്താത്ത ജീവനക്കാരെ ഒഴിവാക്കാൻ ശുപാർശ ചെയ്യേണ്ടതുമാണ്.

(11). ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിൽ ഒരു ജീവനക്കാരനെ ഒരു വർഷത്തേക്ക് നിയോഗിക്കാവുന്നതും, ടിയാന്റെ പ്രകടനം തൃപ്തികരമാണെങ്കിൽ പരമാവധി മൂന്നു വർഷം വരെ ഓരോ വർഷമായി ദീർഘിപ്പിച്ചു നൽകാവുന്നതും, രഹസ്യ വിവര ശേഖരണത്തിൽ അനിതരസാധാരണമായ കഴിവു ഏതെങ്കിലും ജീവനക്കാരൻ പ്രകടിപ്പിച്ചാൽ ടിയാന്റെ കഴിവ് വകുപ്പിന് പ്രയോജനപ്പെടുത്തുന്നതിലേക്കായി വനം ഫോറസ്റ്റ് ഇന്റലിജൻസ് മേധാവിയുടെ ശുപാർശ പ്രകാരം ഓരോ വർഷമായി പരമാവധി അഞ്ചു വർഷം വരെ ടിയാന്റെ സേവനം ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിൽ ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

(12). ഓരോ വർഷവും മാർച്ച് 15-നു മുമ്പായി ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിലെ ജീവനക്കാരുടെ പ്രകടനം വിലയിരുത്തലും ശുപാർശയും ഫോറസ്റ്റ് ഇന്റലിജൻസ് അസിസ്റ്റന്റ് കൺസർവേറ്റർ തയ്യാറാക്കി ഫോറസ്റ്റ് ഇന്റലിജൻസ് തലവൻ വഴി ബന്ധപ്പെട്ട സർക്കിൾ തലവൻമാർക്കു നൽകേണ്ടതാണ്.

(13). ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെൽ ആരംഭിച്ചു കഴിഞ്ഞാൽ ആയതിന്റെ പ്രവർത്തനം പരിശോധിച്ചു കാര്യക്ഷമമാണെന്ന് ബോധ്യപ്പെട്ടാൽ ഓരോ സർക്കിൾ തല ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിലേക്കും തസ്തിക ബാധകമാക്കാതെ രഹസ്യ വിവരണ ശേഖരണത്തിലെ കഴിവും അഭിരുചിയും താത്പര്യവും കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,

തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
സെക്ഷൻ ഓഫീസർ
Date: 22-01-2025 10:45:09

പകർപ്പ്

ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്.